**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി VI

# (SUBJECT COMMITTEE VI)

# വിദ്യാഭ്യാസം

## (EDUCATION)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**നാലാമത് റിപ്പോർട്ട്**

**(2014-2015)**

**FOURTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2014-2015)**

2014 ...........................-ാം തീയതി സമർപ്പിച്ചത്

(Presented on …....................... 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VI

# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം

## (EDUCATION)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

നാലാമത് റിപ്പോർട്ട്

(2014-2015)

FOURTH REPORT ON THE SCRUTINY OF

DEMANDS FOR GRANTS

(2014-2015)

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി VI
# (വിദ്യാഭ്യാസം)
# (2013-2016)

**ഘടന**

<u>ചെയർമാൻ :</u>

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ :</u>

ശ്രീ. എം. എ. ബേബി
ശ്രീ. ഇ. ചന്ദ്രശേഖരൻ
ഡോ. കെ. ടി. ജലീൽ
ഡോ. എൻ . ജയരാജ്
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. എം. ഉമ്മർ
ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. പി. ഡി. ശാരംഗധരൻ , സെക്രട്ടറി
ശ്രീ. എം. കെ. സുരേന്ദ്രലാൽ , ജോയിന്റ് സെക്രട്ടറി
ശ്രീ. തോമസ് ചെട്ടുപറമ്പിൽ , ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# അവതാരിക

2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിഷയനിർണ്ണയ സമിതി VI (വിദ്യാഭ്യാസം)-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത്  റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2014 ഫെബ്രുവരി 19, 24 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ധനാഭ്യർത്ഥന നമ്പർ XVII (വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം)-ൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും ആവശ്യമായ ഘട്ടങ്ങളിൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

2014 മാർച്ച് മാസം 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി VI.*

തിരുവനന്തപുരം,
2014 മാർച്ച് 12.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

വോട്ട് ചെയ്തത് : 1421376.42 ലക്ഷം രൂപ
ചാർജ് ചെയ്തത് : 10 ലക്ഷം രൂപ

### പൊതുവിദ്യാഭ്യാസ വകുപ്പ്

2202-01-101-99—ലോവർ പ്രൈമറി സ്കൂളുകൾ
04-1—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—61.41 ലക്ഷം രൂപ

1. ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2010 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-101-98—അപ്പർ പ്രൈമറി സ്കൂളുകൾ
04-1—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—14.30 ലക്ഷം രൂപ

2. ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. 2010 മുതലുള്ള യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-102-99—ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം—ടീച്ചിംഗ് ഗ്രാന്റ്
04-1— യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—100 ലക്ഷം രൂപ

3. എയിഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ 2009 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത വിതരണം ചെയ്യുന്നതിനായി യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-104-99—പരിശോധന

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—6684 ലക്ഷം രൂപ

4. സംസ്ഥാനത്തെ എ.ഇ.ഒ. ഓഫീസുകളിലെ യാത്രാബത്ത, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നീ ഇനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 51.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-112-93—പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—3540.43 ലക്ഷം രൂപ

5. ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന 179 ജീവനക്കാരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്കായും ആഴ്ചയിൽ ഒരു മുട്ട എന്ന പദ്ധതിക്കായുമാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം വിനിയോഗിക്കുന്നത്. 24 ലക്ഷം കുട്ടികൾക്കായി വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതി പ്രകാരം മുട്ടയ്ക്ക് 5 രൂപ ക്രമത്തിലും കണ്ടിജൻസി ചെലവ് 40 പൈസ ക്രമത്തിലും കുട്ടികൾക്ക് 40 ആഴ്ച മുട്ട നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-800-81—പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—2260 ലക്ഷം രൂപ

6. 2013-14 സാമ്പത്തിക വർഷത്തെ ചെലവിന്റെ അടിസ്ഥാനത്തില്, പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസ്സുകളിലെ 1948 അദ്ധ്യാപകർക്കും 758 ആയമാർക്കുമുള്ള ധനസഹായം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 725 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-99—ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—1776.34 ലക്ഷം രൂപ

7. വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ മോട്ടോർ വെഹിക്കിൾ റിപ്പയർ ഇനത്തിലും ഉദ്യോഗസ്ഥരുടെ യാത്രാബത്ത ഇനത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മോട്ടോർ വെഹിക്കിൾ റിപ്പയറിംഗിനും കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത വിതരണം ചെയ്യുന്നതിനുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-98—മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകള്)
04-1—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—66.38 ലക്ഷം രൂപ

8. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിനായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-86—സംസ്ഥാന സ്കൂൾ യുവജനോത്സവം— സമ്മാനത്തുക

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—35 ലക്ഷം രൂപ

9. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് സമ്മാനത്തുക നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-101-99—പരിശോധന
04-1—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—44.80 ലക്ഷം രൂപ

10. ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-99—ഗവൺമെന്റ് സെക്കന്ററി സ്കൂളുകൾ
04-1—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—48 ലക്ഷം രൂപ

11. സംസ്ഥാനത്തെ ഗവൺമെന്റ് സെക്കന്ററി സ്കൂളുകളിലെ 23053 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 2008 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-110-99—ഗവൺമെന്റേതര സെക്കന്ററി സ്കൂളുകൾക്കുള്ള സഹായം— ടീച്ചിംഗ് ഗ്രാന്റ്
04-1—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—2 ലക്ഷം രൂപ

12. എയ്ഡഡ് ഹൈസ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് 2008 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-202-91—ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—50 കോടി രൂപ

13. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ കെട്ടിടങ്ങളുടെ അപര്യാപ്തത രൂക്ഷമാണെന്നും ലബോറട്ടറികൾ വളരെ ശോചനീയമായ അവസ്ഥയിലാണെന്നും സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-94—ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ (പ്ലസ് ടു)
04-1—യാത്രാചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം— 20.70 ലക്ഷം രൂപ

14. ഹയർ സെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 14.64 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—30 കോടി രൂപ

15. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 1200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം— 1.2 ലക്ഷം രൂപ

16. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലേക്കും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളിലേക്കും ദീർഘയാത്രകൾ ആവശ്യമുള്ളതിനാൽ അനുയോജ്യമായ വാഹനം വാങ്ങുന്നതിലേക്കായി 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-1—ഓഫീസ് ചെലവുകള്—വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം— 36,000 രൂപ

17. വെള്ളക്കരം കുടിശ്ശിക ഇനത്തിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 14 ലക്ഷം രൂപ നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം— 26 ലക്ഷം രൂപ

18. ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് ഹൗസിംഗ് ബോർഡ് കെട്ടിടത്തിലെ 6000 സ്ക്വയർഫീറ്റ് കൂടി ആവശ്യമായതിനാൽ വാടകയിനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. 36 ലക്ഷം രൂപ അധികമായി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-92—<u>ഹയർ സെക്കന്ററി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ്</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം– 395.24 ലക്ഷം രൂപ
45—പി.ഒ.എല്.—പദ്ധതിയേതരം– 1.29 ലക്ഷം രൂപ
05-2—വൈദ്യുതി ചെലവ്– പദ്ധതിയേതരം– 1.15 ലക്ഷം രൂപ
05-3—ടെലഫോൺ ചെലവ്– 57,000 രൂപ
05-4—മറ്റിനങ്ങള്—1 .40 ലക്ഷം രൂപ
21-2—മോട്ടോർ വാഹനങ്ങള്—സംരക്ഷണവും അറ്റകുറ്റപ്പണികളും– പദ്ധതിയേതരം– 28,000 രൂപ

19. മൂന്ന് പുതിയ മേഖലാ ഓഫീസുകൾകൂടി പ്രവർത്തനം ആരംഭിച്ചതിനാൽ പി.ഒ.എല്., വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ്, മറ്റ് ഇനങ്ങള്, മോട്ടോർ വാഹനങ്ങൾ അറ്റകുറ്റപ്പണികൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>പി.ഒ.എല്. ഇനത്തിൽ 71,000 രൂപയും വൈദ്യുതി ചെലവ് ഇനത്തിൽ 30,000 രൂപയും ടെലിഫോൺ ചെലവ് ഇനത്തിൽ 63,000 രൂപയും മറ്റ് ഇനങ്ങൾക്കായി 1.30 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ അറ്റകുറ്റപ്പണികൾ ഇനത്തിൽ 92,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-02-001-95—<u>വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം– 1062.99 ലക്ഷം രൂപ

20. കരിക്കുലം റിവിഷനായി 2013-14 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും 5.9 ലക്ഷം രൂപയ്ക്ക് മാത്രമേ ഭരണാനുമതി ലഭ്യമായിട്ടുള്ളു എന്നതിനാൽ ബാക്കി <u>94 ലക്ഷം രൂപ 2014-15-ൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-80-004-91—<u>സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആൻഡ് ട്രെയിനിംഗ്</u>
36—<u>സഹായധനം– ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം– 10 കോടി രൂപ
പദ്ധതിയേതരം– 1,000 രൂപ

21. 2008-09 മുതൽ നോൺ പ്ലാൻ ശീർഷകത്തിൽ എസ്.സി.ഇ.ആര്.ടി.ക്ക് തുക ലഭ്യമല്ലാത്തതിനാൽ പ്ലാൻ വിഹിതത്തിൽനിന്നും തുക ചെലവഴിക്കേണ്ടിവരുന്നതിനാൽ

പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് തടസ്സമുണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 400 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-004-89—സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് ( എസ്.ഐ.ഇ.എം.എ.റ്റി.)—കേരള

36—സഹായധനം- ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം- 300 ലക്ഷം രൂപ

22. സീമാറ്റ്—കേരളയെ അന്തർദേശീയ നിലവാരത്തിലുള്ള ഒരു മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്റെ ആദ്യഘട്ടമായി 2013-14-ൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്കുപുറമേ 3,47,17,000 രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും 50 ലക്ഷം രൂപ മാത്രമാണ് റിലീസ് ചെയ്തിട്ടുള്ളത്. ആയതിനാൽ 2014-15-ൽ ഈ ശീർഷകത്തിൽ 32.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-111-99—സർവ്വ ശിക്ഷാ അഭിയാൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം- 700 ലക്ഷം രൂപ

23. സർവ്വശിക്ഷാ അഭിയാന്റെ വിവിധ പദ്ധതികൾക്ക് സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-04-103-98—കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (എല്.ഇ.എ.പി. കേരള മിഷൻ )

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം- 15 കോടി രൂപ

24. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് അതുല്യം രണ്ടാംഘട്ടം, അക്ഷരലക്ഷം പദ്ധതി, സാക്ഷരതാനിരക്ക് കുറഞ്ഞ പ്രദേശങ്ങളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ (അട്ടപ്പാടി) വിഭാഗങ്ങളിലെ നിരക്ഷരതാ നിർമ്മാർജ്ജനത്തിനുംവേണ്ടിയുള്ള പ്രത്യേക പദ്ധതി എന്നിവയുടെ നിർവ്വഹണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 270 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഉന്നത വിദ്യാഭ്യാസ വകുപ്പ്

2202-03-103-85—തെരഞ്ഞെടുക്കപ്പെട്ട പ്രശസ്ത കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനും വികസന പ്രവർത്തനങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം– 1 ലക്ഷം രൂപ

25. കോളേജ് വികസന സമിതികൾക്ക് മാച്ചിംഗ് ഗ്രാന്റായി നൽകേണ്ടത് കോളേജുകളിലെ സി.ഡി.സി. കളക്ഷന് തുല്യമായ തുകയായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-001-97—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും അനുബന്ധ ഓഫീസുകളും പരീക്ഷാ വിഭാഗവും

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം– 40 ലക്ഷം രൂപ
പദ്ധതിയേതരം– 89.24 ലക്ഷം രൂപ

26. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിൽവരുന്ന എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഡിജിറ്റൽ ഡേറ്റാ ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഒന്നാം ഘട്ടമായി ഓഫീസിൽ ക്യാമ്പസ് അഡ്മിനിസ്ട്രേഷൻ സോഫ്റ്റ് വെയർ സ്ഥാപിക്കൽ , ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സംവിധാനത്തിൽ ഡിസാസ്റ്റർ സ്റ്റോറേജ് ഉപകരണം ഘടിപ്പിക്കൽ , നെറ്റ് വർക്കിന്റെ വികസനം, സംസ്ഥാന ഡേറ്റാ കേന്ദ്രത്തിലെ നിലവിലുള്ള സെർവർ മാറ്റി പുതിയത് സ്ഥാപിക്കൽ , പുതിയ കമ്പ്യൂട്ടറുകൾ വാങ്ങൽ , ഡയറക്ടറേറ്റിൽ ലിഫ്റ്റ് സ്ഥാപിക്കല്, ടെക്നിക്കൽ ഹൈസ്കൂളിലെയും പോളിടെക്നിക്കുകളിലെയും സ്റ്റാഫുകൾക്ക് പരിശീലനം നൽകൽ , രണ്ട് മേഖലാ ഡയറക്ടറേറ്റ് ഓഫീസുകളിൽ പാർട്ടീഷ്യനിംഗ്, വാഹനഷെഡ്, ചുറ്റുമതില്, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങല്, പേപ്പർ റിക്കാർഡുകളുടെ ഡിജിറ്റൈസേഷന്, സോഫ്റ്റ് വെയർ ആധുനീകരണം, ഓഫീസ് ആധുനീകരണം, പരീക്ഷാകേന്ദ്രത്തിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കൽ തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-003-99—എഞ്ചിനീയറിംഗ് കോളേജുകളിൽ ഫാക്കൽറ്റി വികസനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം– 275 ലക്ഷം രൂപ

27. എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി വികസനത്തിനായി ഫുള്-ടൈം എം.ടെക്., പിഎച്ച്.ഡി. കോഴ്സുകൾ സംഘടിപ്പിക്കുക, എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ വഹിക്കുക,

അദ്ധ്യാപകരുടെ യോഗങ്ങൾ നടത്തുക, എഞ്ചിനീയറിംഗ് കോളേജുകളിൽ സെമിനാറുകളും ഹ്രസ്വകാല കോഴ്സുകളും നടത്തുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 275 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-105-79—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം— 370 ലക്ഷം രൂപ

28. പോളിടെക്നിക്കുകൾ പ്രവർത്തിക്കുന്ന പഴക്കമേറിയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പോളിടെക്നിക്കുകൾക്ക് ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും ലബോറട്ടറി ഉപകരണങ്ങളും വാങ്ങുന്നതിനും പദ്ധതിവിഹിതമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 230 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-54—മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം— 500 ലക്ഷം രൂപ

29. പ്രവർത്തനം ആരംഭിച്ചിട്ട് 10 വർഷത്തിലധികമായ കോഴിക്കോട്, ഇടുക്കി, വയനാട്, ബാർട്ടൺഹില്, ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ.-യുടെ നിലവാരത്തിന് അനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-003-93—ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—100 ലക്ഷം രൂപ

30. പ്രത്യേക മേഖലകളിൽ പ്രഗത്ഭരായ ഫാക്കൽറ്റികളെ ഉപയോഗപ്പെടുത്തി സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വിദഗ്ദ്ധ ക്ലാസുകൾ സംഘടിപ്പിക്കുന്ന Adjunct faculty സ്കീമിന്റെ നടത്തിപ്പും ഫാക്കൽറ്റികളുടെ വേതനവും വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നായതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 20 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-103-99—<u>ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—290 ലക്ഷം രൂപ
പദ്ധതിയേതരം—5376.74 ലക്ഷം രൂപ

31. സ്വന്തം കെട്ടിടത്തിലേക്ക് മാറി പ്രവർത്തനം ആരംഭിച്ച ടെക്നിക്കൽ ഹൈസ്കൂളുകളിൽ ആധുനിക ഉപകരണങ്ങളും മെഷിനറികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ <u>60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2203-00-105-89—<u>പോളിടെക്നിക്കുകൾ—മാനവശേഷി വികസനം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—171 ലക്ഷം രൂപ

32. ത്രിവൽസര എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകളുടെ വിവിധ എഞ്ചിനീയറിംഗ് മേഖലകളിലേയും ടെക്നിക്കൽ ഹൈസ്കൂളുകളിലെ വിവിധ എഞ്ചിനീയറിംഗ് ട്രേഡുകളിലെ സിലബസ് പരിഷ്കരണവും കരിക്കുലം വികസനവും നടപ്പാക്കിവരുന്ന കളമശ്ശേരി കരിക്കുലം ഡെവലപ്പ്മെന്റ് സെന്ററിന്റേയും വികസനത്തിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>94 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2203-00-112-70—<u>എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും വിവരവിനിമയ സാങ്കേതികവിദ്യ</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—160.50 ലക്ഷം രൂപ

33. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഇ-ഗവേർണൻസ് ശക്തിപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>39.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2203-00-004-96—<u>എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലേയും ഗവേഷണത്തിനുള്ള സ്കോളർഷിപ്പ്</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—60 ലക്ഷം രൂപ

34. എഞ്ചിനീയറിംഗ് കോളേജുകളിലെ ഗേറ്റ് സ്കോളർഷിപ്പ് ഇല്ലാത്ത അർഹതയുള്ള സമർത്ഥരായ എല്ലാ എം.ടെക്. വിദ്യാർത്ഥികൾക്കുംകൂടി സ്കോളർഷിപ്പ് നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ <u>40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2203-00-103-91—<u>ടെക്നിക്കൽ സ്കൂളുകളിലും പോളിടെക്നിക്കുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത രൂപീകരണം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം— 60 ലക്ഷം രൂപ

35. ടെക്നിക്കൽ ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് മാനസിക പരിശീലനം നൽകുക, വിനിമയ കഴിവുകൾ വികസിപ്പിക്കുക, അദ്ധ്യാപകർക്ക് പാഠ്യപദ്ധതിയെ ക്കുറിച്ചുള്ള പരിശീലനം നൽകുക, വിഭവങ്ങൾ, മെഷീനുകൾ, പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കരിക്കുലം രൂപാന്തരണ വർക്ക്ഷോപ്പുകൾ, അക്കാദമിക് പരിശോധന, പുരോഗതി അവലോകന വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, കോൺഫറൻസുകൾ മുതലായവ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2203-00-112-56—<u>പി.പി.പി. മോഡിനുകീഴിൽ വരുന്ന പദ്ധതികൾ</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—225 ലക്ഷം രൂപ

36. ബാർട്ടൺ ഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ മെച്ചപ്പെട്ട ഡിപ്ലോമ സ്വായത്തമാക്കുക, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രമാക്കുക, കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ പര്യാപ്തമായ കേന്ദ്രമാക്കുക, തിരുവനന്തപുരം ബാർട്ടൺ ഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ദ്വിവത്സര ട്രാൻസലേഷൻ എഞ്ചിനീയറിംഗിൽ എം.എസ്. കോഴ്സ് ആരംഭിക്കുക എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>110 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2203-00-112-99—<u>എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം</u>

34-2—മറ്റ് ചെലവുകൾ—വൈദ്യുത ചെലവ്
05-2—ഓഫീസ് ചെലവുകൾ—വൈദ്യുത ചെലവ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—104.80 ലക്ഷം രൂപ

37. തിരുവനന്തപുരം എഞ്ചിനീയനിംഗ് കോളേജിന് 2013-14-ൽ 50 ലക്ഷം രൂപ വൈദ്യുതി കുടിശ്ശിക ഇനത്തിൽ വൈദ്യുതി ബോർഡിന് കൊടുത്ത് തീർക്കുന്നതിന് ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതരവിഹിതം അപര്യാപ്ത മാണ്. ആയതിനാൽ <u>50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2203-00-112-99—എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം
05-1—ഓഫീസ് ചെലവുകൾ—വെള്ളക്കരം
34-1—മറ്റ് ചെലവുകൾ—വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—5.60 ലക്ഷം രൂപ

38. തിരുവനന്തപുരം ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിന് 2013-14-ൽ 18 ലക്ഷം രൂപ വെള്ളക്കരം ഇനത്തിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-84—രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം
34-2—മറ്റ് ചെലവുകൾ—വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—28.80 ലക്ഷം രൂപ

39. 20 ലക്ഷം രൂപ കുടിശ്ശിക ഉൾപ്പെടെയുള്ള വൈദ്യുതി ചാർജ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതരവിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-105-99—ഗവൺമെന്റ് പോളിടെക്നിക്കുകൾ
04-1—യാത്രാചെലവുകൾ—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—15.30 ലക്ഷം രൂപ

40. 5 ലക്ഷം രൂപ കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-108-99—പരീക്ഷാ വിഭാഗം
34—3 മറ്റ് ചെലവുകൾ—മറ്റിനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—200 ലക്ഷം രൂപ

41. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇനത്തിൽ അദ്ധ്യാപകർക്കുള്ള വേതനം ഇനത്തിൽ 50 ലക്ഷം രൂപ കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-105-99—കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ
36—സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—80 ലക്ഷം രൂപ
പദ്ധതിയേതരം—1433.85 ലക്ഷം രൂപ

42. ലൈബ്രറികൾക്ക് വാർഷിക ഗ്രാന്റും അലവൻസും നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 353.15 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-102-98, 97, 96, 95, 94, 93, 92, 91, 89, 88, 87, 86, 85, 84—(നാഷണൽ സർവ്വീസ് സ്കീം)

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—534.90 ലക്ഷം രൂപ

43. വോളന്റിയർമാരുടെ എണ്ണമനുസരിച്ച് ഗ്രാന്റ്-ഇന്-എയ്ഡ് ഫണ്ട് വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 286.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-102-99—നാഷണൽ കേഡറ്റ് കോർ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—100 ലക്ഷം രൂപ
പദ്ധതിയേതരം—4560.99 ലക്ഷം രൂപ

44. എൻ.സി.സി. കേഡറ്റുകളുടെ ലഘുഭക്ഷണ അലവൻസ് 25-10-2012 മുതൽ 2 രൂപയിൽനിന്നും 15 രൂപയായി ഉയർത്തിയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതിയേതര വിഹിതത്തിൽ 508.12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-001-95—പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷാകമ്മീഷണറേറ്റ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—955.26 ലക്ഷം രൂപ

45. വിവിധ പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശന പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.36 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-61—കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—710 ലക്ഷം രൂപ

46. കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെ തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1930 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം
36—സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—230 ലക്ഷം രൂപ
പദ്ധതിയേതരം—53.13 ലക്ഷം രൂപ

47. പിരിച്ചുവിട്ട ജീവനക്കാരുടെ ശമ്പള കുടിശ്ശിക, നിലവിലുള്ള ജീവനക്കാരുടെ ശമ്പള കുടിശ്ശിക, സാധനസാമഗ്രികൾ വാങ്ങിയതിലുള്ള സബ്സെന്ററുകളിലെ കുടിശ്ശിക, സബ്സെന്ററിലെ വാടക കുടിശ്ശിക എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾ നിറവേറ്റുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിയേതരവിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 496.87 ലക്ഷം രൂപയും വിവിധ പദ്ധതികൾ നടപ്പിലാക്കുവാൻ പദ്ധതി ഇനത്തിൽ 19.7 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-60—ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—1300 ലക്ഷം രൂപ

48. ഐ.എച്ച്.ആർ.ഡി. ഹെഡ്ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും എ.ഐ.സി.റ്റി.ഇ. സർവ്വകലാശാല നിബന്ധനകൾക്ക് അനുസൃതമായി സാധന സാമഗ്രികൾ വാങ്ങുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2080.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-04-001-93—തുടർ വിദ്യാഭ്യാസ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—350 ലക്ഷം രൂപ
പദ്ധതിയേതരം—ഇല്ല

49. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിക്കായി ബഹുനില കെട്ടിടം പണിയുക, ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി പൊന്നാനിയിൽ സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ടിനായി കെട്ടിടം നിർമ്മിക്കുക, പാലക്കാട് സിവിൽ സർവ്വീസ്

അക്കാഡമിയുടെ പ്രവർത്തനം വിപുലീകരിക്കുക, സിവിൽ സർവ്വീസ് അക്കാഡമിയുടെ കോഴിക്കോട് ഉപകേന്ദ്രത്തിന്റെ പ്രവർത്തന വിപുലീകരണം, മൂന്നാറിലെ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ വികസന പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 1345 ലക്ഷം രൂപ അധികമായും പദ്ധതിയേതര ഇനത്തിൽ 101.8 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-800-73—വൈകല്യ പഠനത്തിൽ മികവിന്റെ കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—100 ലക്ഷം രൂപ

50. എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിലുള്ള സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസബിലിറ്റീസ് സ്റ്റഡീസിന്റെ വികസന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-58—എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—300 ലക്ഷം രൂപ

51. എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ സെന്ററിനു കീഴിലുള്ള രണ്ട് എഞ്ചിനീയറിംഗ് കോളേജുകളുടെ നിർമ്മാണപ്രവർത്തി ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5245 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-800-58—കേരള ചരിത്ര ഗവേഷണ കൗൺസിൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—550 ലക്ഷം രൂപ

52. ചരിത്ര ഗവേഷണ കൗൺസിലിന്റെ പദ്ധതികളായ ഗവേഷണ ഫെലോഷിപ്പുകള്, അന്തർദ്ദേശീയ ഫെലോഷിപ്പുകള്, കേരളത്തിന്റെ ചരിത്ര ഭൂപട നിർമ്മാണം, പുരാവസ്തു പര്യവേഷണവും സർവ്വേയും, കേരളത്തിന്റെ സമകാലീന ചരിത്ര ഗ്രന്ഥശേഖരം തയ്യാറാക്കല്, കേരളത്തിന്റെ ചരിത്രപരവും സാമൂഹ്യസാംസ്കാരികപരവുമായ

രേഖകളുടെയും ചിത്രങ്ങളുടേയും ശേഖരണവും ഡിജിറ്റൈസേഷനും കുടിയേറ്റ മലയാളികളുടെയും കുടിയേറ്റ സമൂഹങ്ങളുടെയും ചരിത്രം ശേഖരിക്കല്, ലൈബ്രറി സമ്പുഷ്ടീകരണം, പ്രാദേശിക ചരിത്രം, ജീവചരിത്രം, സ്ഥാപനങ്ങളുടെ ചരിത്രം എന്നിവയുടെ രചന, പ്രസിദ്ധീകരണങ്ങള്, കെ.സി.എച്ച്.ആര്. ന്യൂസ് ലെറ്റര്/റിസര്ച്ച് ജേര്ണല്, അന്തര്ദ്ദേശീയ ശില്പ്പശാലകള്, സെമിനാറുകള്, പരിശീലന കളരികള് എന്നിവ സംഘടിപ്പിക്കുക, മാതൃകാ ആര്ക്കിയോളജി പാര്ക്ക് സ്ഥാപിക്കുക തുടങ്ങിയവയ്ക്കായി ബഡ്ജറ്റില് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാല് പദ്ധതിയിനത്തില് 3088.81 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തില് 76.33 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാര്ശ ചെയ്യുന്നു.

2202-03-800-73—ഉന്നത വിദ്യാഭ്യാസ കൗണ്സില്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—1250 ലക്ഷം രൂപ

53. കൗണ്സിലിന്റെ സെന്റര് ഫോര് റിസര്ച്ച് ഓണ് പോളിസീസ് ഇന് ഹയര് എഡ്യൂക്കേഷന്, സെന്റര് ഫോര് കരിക്കുലം ഡെവലപ്മെന്റ് ആന്റ് എക്സാമിനേഷന് റിഫോംസ്, സെന്റര് ഫോര് ഹ്യൂമന് റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് കപ്പാസിറ്റി ബില്ഡിംഗ്സ് എന്നിവയുടെ കീഴില് നടപ്പിലാക്കാന് ഉദ്ദേശിക്കുന്ന പരിപാടികള്, നിലവിലുള്ള മൂന്ന് കോളേജ് ക്ലസ്റ്ററുകള്ക്ക് അധിക സാമ്പത്തിക സഹായം, ഇന്സ്റ്റിറ്റ്യൂഷന്—ഇന്ഡസ്ട്രി പ്ലാറ്റ്ഫോം രൂപീകരണം, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമും ടീച്ചര് എക്സ്ചേഞ്ച് പ്രോഗ്രാമും, സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷന് കൗണ്സില് രൂപീകരണം, പ്രോജക്ട് ഫൈനാന്സിംഗ്, നോണ് ടീച്ചിംഗ് ജീവനക്കാര്ക്കുള്ള സെമിനാറുകള്, വര്ക്ക്ഷോപ്പുകള്, പരിശീലനം, എറുഡേറ്റ് പ്രോഗ്രാം, ഐ.റ്റി. @ കോളേജുകള്, ഇന്റര്നാഷണല് കോണ്ഫറന്സ്/കണ്സള്ട്ടേഷന്, ഫാക്കല്റ്റി ട്രെയിനിംഗ് അക്കാഡമി തുടങ്ങിയ പദ്ധതികള് നടപ്പിലാക്കുവാന് ബഡ്ജറ്റില് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാല് 1500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാര്ശ ചെയ്യുന്നു.

2202-03-102-98—കോഴിക്കോട് സര്വ്വകലാശാല

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—2150 ലക്ഷം രൂപ
പദ്ധതിയേതരം—11492.40 ലക്ഷം രൂപ

54. കോഴിക്കോട് സര്വ്വകലാശാലയുടെ കീഴിലുള്ള ഡിപ്പാര്ട്ടുമെന്റുകളുടെ നവീകരണത്തിനായി പദ്ധതിയിനത്തില് അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാല് ഈ ശീര്ഷകത്തില് 350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാര്ശ ചെയ്യുന്നു.

55. ശമ്പളപരിഷ്കരണംമൂലം കോഴിക്കോട് സർവ്വകലാശാലയ്ക്കുണ്ടായ അധിക ബാധ്യത തീർക്കുന്നതിന് പദ്ധതിയേതര ഇനത്തിൽ 1522.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-99—കേരള സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—2150 ലക്ഷം രൂപ
പദ്ധതിയേതരം—17118 ലക്ഷം രൂപ

56. കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ മുതൽ ജോയിന്റ് രജിസ്ട്രാർ വരെയുള്ള ഉദ്യോഗസ്ഥരുടെ ശമ്പളപരിഷ്കരണം, വർദ്ധിച്ചുവരുന്ന പെൻഷൻ ചെലവ്, സെക്രട്ടേറിയറ്റ് പാരിറ്റി എന്നിവമൂലം ഉണ്ടായ അധികചെലവ് നിറവേറ്റുന്നതിന് ഈ ശീർഷകത്തിൽ പദ്ധതിയേതരം ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2575 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—3501.60 ലക്ഷം രൂപ

57. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും നൽകുക, പി.എഫ്., പെൻഷൻ ഫണ്ട് തുടങ്ങിയവയിലേക്കുള്ള നിക്ഷേപം എന്നിവയ്ക്ക് പദ്ധതിയേതര ഇനമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1135.97 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-92—കണ്ണൂർ സർവ്വകലാശാല ധനസഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—2050 ലക്ഷം രൂപ
പദ്ധതിയേതരം—1874.40 ലക്ഷം രൂപ

58. കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ക്യാമ്പസുകളിൽ പുതുതായുള്ള നിർമ്മാണ പ്രവർത്തനങ്ങള്, നിർമ്മാണ പുരോഗതിയിലുള്ള പ്രോജക്റ്റുകള്, നിലവിലുള്ള പഠനവിഭവങ്ങൾ അഭിവൃദ്ധിപ്പെടുത്തല്, പുതുതായി പഠനവിഭാഗങ്ങൾ രൂപീകരിക്കല്, ഗവേഷണ പദ്ധതികള്, നിലവിലുള്ള പഠന ഇതര വിഭാഗങ്ങൾ അഭിവൃദ്ധിപ്പെടുത്തല്, ഭൂമി ഏറ്റെടുക്കല്, താവക്കരയിൽ നിലവിൽ ഏറ്റെടുത്ത ഭൂമിക്ക് കോടതി ഉത്തരവുപ്രകാരം പുതുക്കി നിശ്ചയിച്ച അധിക ഭൂമിവില നൽകൽ എന്നിവയ്ക്ക് ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1460 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 290 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-102-99—<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—1500 ലക്ഷം രൂപ
പദ്ധതിയേതരം—6435 ലക്ഷം രൂപ

59. ശമ്പളപരിഷ്കരണംമൂലം കുസാറ്റിന് ഉണ്ടായിട്ടുള്ള അധികബാധ്യത നികത്തുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനമായി <u>2500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

60. കുസാറ്റിന്റെ അടിസ്ഥാനസൗകര്യ പരിമിതികൾ പരിഹരിച്ച് അക്കാദമിക് പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ <u>10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4202-01-201-99—<u>പ്രാഥമിക വിദ്യാഭ്യാസം— കെട്ടിടങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

61. ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാല്, വിഷൻ 2010 പ്രകാരം ഭരണാനുമതി ലഭിക്കുകയും ടെൻഡർ ചെയ്ത് പണി ആരംഭിക്കുകയും ചെയ്തിട്ടുള്ള ഗവ. പ്രൈമറി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് <u>45 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4202-01-202-99—<u>സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

62. വിഷൻ 2010 പ്രകാരം ഭരണാനുമതി ലഭിക്കുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്ത വിവിധ സർക്കാർ സെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണത്തിന് 2014-15 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ <u>1097.65 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4202-01-202-93—<u>അടിസ്ഥാന സൗകര്യം— സ്കൂൾ വിദ്യാഭ്യാസം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—1000 ലക്ഷം രൂപ

63. സ്കൂൾ വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>1097.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4202-01-203-99—<u>ലോ കോളേജുകൾ ഉൾപ്പെടെ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിടനിർമ്മാണം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—170 ലക്ഷം രൂപ

64. വിവിധ സർക്കാർ ലോ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിടനിർമ്മാണത്തിനായി ഭരണാനുമതി ലഭിക്കുകയും പല പണികളും പുരോഗമിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ <u>5000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4202-01-203-96—<u>കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിടനിർമ്മാണം (ആർ.ഐ.ഡി. എഫ്.)</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

65. സർക്കാർ കോളേജുകളിലെ ഭൗതിക സൗകര്യ വികസനം നടത്തുന്നതിന് പുതിയ പണികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ <u>1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4202-01-203-87—<u>സർക്കാർ കോളേജുകളിൽ ലാബുകളുടെയും ലൈബ്രറികളുടെയും വികസനം</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

66. വിവിധ സർക്കാർ കോളേജുകളിലെ ലാബുകളുടെയും ലൈബ്രറികളുടെയും വികസനത്തിനായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ <u>20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4202-02-103-99—<u>ടെക്നിക്കൽ ഹൈസ്കൂളുകൾ കെട്ടിടങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—250 ലക്ഷം രൂപ

67. വിവിധ ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടങ്ങളുടെ പണികൾ ഏറ്റെടുത്തു പൂർത്തിയാക്കുവാൻ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4202-02-103-97—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം (ആര്.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം : ഇല്ല

68. ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനത്തിനായി ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-104-99—പോളിടെക്നിക്കുകൾ കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—1155 ലക്ഷം രൂപ

69. ഭരണാനുമതി ലഭിച്ചിട്ടുള്ളതും പണി തുടങ്ങാറായതുമായ പോളിടെക്നിക്കുകളുടെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-99—എഞ്ചിനീയറിംഗ്/ടെക്നിക്കൽ കോളേജുകള്, ഇൻസ്റ്റിറ്റ്യൂട്ടുകൾ (മാനേജുമെൻറ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉൾപ്പെടെ)—കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—100 ലക്ഷം രൂപ

70. കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-96—മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ (ആര്.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം : ഇല്ല

71. ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ ഇടുക്കി, വയനാട് എന്നീ എഞ്ചിനീയറിംഗ് കോളേജുകൾക്ക് പുതിയ കെട്ടിടങ്ങള്, പല കോളേജുകളുടേയും വികസനപ്രവർത്തനങ്ങൾ എന്നിവയ്ക്കായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-800-95—ഐ.ടി.ഐ. കെട്ടിടങ്ങൾ മരാമത്തുപണികൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—1600 ലക്ഷം രൂപ

72. വിവിധ ഐ.ടി.ഐ. കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-800-87—ഐ.റ്റി.ഐ.-കളിൽ സ്ത്രീകൾക്കായി ഹോസ്റ്റൽ നിർമ്മാണം

ബഡ്ജറ്റ് വിഹിതം : ഇല്ല

73. ഐ.റ്റി.ഐ.-കളിൽ സ്ത്രീകൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 9 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-800-86—ഐ.ടി.ഐ.-കളിൽ സ്ത്രീകൾക്കായി വിശ്രമമുറികള്, ഡ്രെസ്സിംഗ് റൂമുകള്, ടോയ്‌ലറ്റുകൾ എന്നിവയുടെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം : ഇല്ല

74. ഐ.ടി.ഐ.-കളിൽ സ്ത്രീകൾക്കായി വിശ്രമമുറികള്, ഡ്രെസ്സിംഗ് റൂമുകള്, ടോയ്‌ലറ്റുകൾ എന്നിവയുടെ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 150 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

2202-03-112-95—സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—400 ലക്ഷം രൂപ
പദ്ധതിയേതരം—223 ലക്ഷം രൂപ

75. ശമ്പള പരിഷ്കരണംമൂലമുണ്ടായ അധികബാദ്ധ്യത, പുതിയ എം.എ. കോഴ്സ്, മറ്റു പരിശീലന പരിപാടികൾ എന്നിവയ്ക്ക് പദ്ധതിയേതര ഇനമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശാസ്ത്രസാങ്കേതിക വകുപ്പ്

3425-60-200-71—കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി—ധനസഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—7796 ലക്ഷം രൂപ
പദ്ധതിയേതരം—4548.83 ലക്ഷം രൂപ

76. കൗൺസിലിനുകീഴിലുള്ള ഗവേഷണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ പുതിയ ഗവേഷണസ്ഥാപനങ്ങളായ ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്, സെന്റർ സ്റ്റേറ്റ് ടെക്നോളജി പാർട്ണർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട്, ക്രിട്ടിക്കൽ മിനറൽ റിസർവ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്കായി 2100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കായിക യുവജനകാര്യ വകുപ്പ്

4202-03-102-98—ദേശീയ ഗെയിംസ് —അടിസ്ഥാന സൗകര്യ വികസനം

ബഡ്ജറ്റ് വിഹിതം : ഇല്ല

77. കായിക ഉപകരണങ്ങൾ വാങ്ങല്, ഉദ്ഘാടന-സമാപന ചടങ്ങുകള്, ഗെയിംസിന്റെ സംഘാടനം, താത്കാലിക നിർമ്മിതിക്കുള്ള ചെലവ്, ഗെയിംസ് വില്ലേജ്, കൂടാതെ ദേശീയ ഗെയിംസിന് മുന്നോടിയായി സന്നാഹമത്സരം (ട്രയൽ ഗെയിംസ്) എന്നിവ സംഘടിപ്പിക്കുന്നതിന് അധികതുക ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് കേരളതാരങ്ങളുടെ പരിശീലനത്തിനായി 10 കോടി രൂപ അടിയന്തരമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2204-00-104-24—35-ാം ദേശീയ ഗെയിംസ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—1 ലക്ഷം രൂപ
പദ്ധതിയേതരം—150 ലക്ഷം രൂപ

78. ദേശീയ ഗെയിംസിനായി ടീമുകളെ തയ്യാറാക്കുന്നതിനുമുമ്പ് 100 ദിന കൗണ്ട്ഡൗണിനായി അധികതുക വേണമെന്ന് വിലയിരുത്തിയ സമിതി ഒരു കോടി ആളുകളെ ഉൾപ്പെടുത്തി ആയത് നടത്തുന്നതിന് 10 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

79. നിലവിലുള്ള ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണനിർവ്വഹണ ചെലവുകൾക്കായി ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഒറ്റത്തവണയായുള്ള ചെലവ് എന്ന നിലയിൽ ഇതൊരു പ്രത്യേക കേസ് ആയി പരിഗണിച്ച് 367 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-97—കേരള സ്പോർട്സ് കൗൺസിൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—3150 ലക്ഷം രൂപ
പദ്ധതിയേതരം—1135.46 ലക്ഷം രൂപ

80. 2014-15 സാമ്പത്തികവർഷത്തെ ശമ്പളം, സർവീസ് പെൻഷൻ എന്നിവ നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-95—ദേശീയവും അന്തർദ്ദേശീയവുമായ കായികമത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാനത്തുക

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—150 ലക്ഷം രൂപ

81. ദേശീയ സ്കൂൾ മീറ്റിൽ പങ്കെടുത്ത് വിജയിച്ചുവരുന്ന താരങ്ങൾക്ക് ഡി.പി.ഐ. വിതരണംചെയ്തിരുന്ന ക്യാഷ് അവാർഡ് ഇപ്പോൾ സ്പോർട്സ് കൗൺസിലാണ് വിതരണം ചെയ്യുന്നത് എന്നതിനാലും ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയിച്ചുവരുന്ന താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുവാൻ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-103-98—യൂത്ത് വെൽഫെയർ ബോർഡ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—1864 ലക്ഷം രൂപ
പദ്ധതിയേതരം—24.07 ലക്ഷം രൂപ

36—സഹായധനം- ശമ്പളേതരം

82. യുവജനക്ഷേമ ബോർഡിന്റെ ആസ്ഥാന മന്ദിരനിർമ്മാണം, കേരളത്തിന്റെ സമഗ്രവികസനത്തിന് ക്രിയാത്മകമായി ഇടപെടുന്നതിന് അറിവും അവസരവും നൽകി യുവജനങ്ങളെ സജ്ജരാക്കുന്നതിനായുള്ള യുവശക്തി പദ്ധതി എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31—<u>സഹായധനം— ശമ്പളം</u>

83. ഈ ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി അനുവദിച്ചിരിക്കുന്ന തുക ജീവനക്കാരുടെ ശമ്പളം, റ്റി.എ., ഓഫീസ് ചെലവുകള്, പി.ഒ.എല്. എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ <u>175 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2204-00-103-68—<u>കേരള സംസ്ഥാന യൂത്ത് കമ്മീഷൻ</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—100 ലക്ഷം രൂപ
പദ്ധതിയേതരം—60.45 ലക്ഷം രൂപ

36—<u>സഹായധനം— ശമ്പളേതരം</u>

84. സെമിനാര്, സിമ്പോസിയങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര യുവജന സെമിനാർ നടത്തുന്നത് ഉൾപ്പെടെ കേരള സംസ്ഥാന യുവജന കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഈ ശീർഷകത്തിൽ പദ്ധതിവിഹിതമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

85. കേരള സംസ്ഥാന യൂത്ത് കമ്മീഷന് 2014-15 സാമ്പത്തികവർഷത്തിൽ 12.25 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നതായി വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി അനുവദിച്ചിട്ടുള്ള 8.25 ലക്ഷം രൂപയ്ക്കുപുറമേ <u>4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.</u>

31—<u>സഹായധനം— ശമ്പളം</u>

86. നിലവിലുള്ള ജീവനക്കാർക്ക് ശമ്പളം, പുതിയതായി നിയമിക്കപ്പെട്ട 10 അംഗങ്ങൾക്കുള്ള ബത്തകൾ എന്നിവ നൽകുവാൻ ഈ ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## സാംസ്കാരികകാര്യ വകുപ്പ്

2205-00-103-99—<u>പുരാവസ്തു ഗവേഷണം—പുരാവസ്തു ഗവേഷണ വകുപ്പ്</u>
<u>02—വേതനം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—160 ലക്ഷം രൂപ

87. സംരക്ഷിത സ്മാരകങ്ങളുടെ സുരക്ഷയ്ക്കായി കൂടുതൽ ദിവസ വേതനക്കാരെ നിയോഗിച്ചതുകൊണ്ടും ശമ്പള പരിഷ്കരണംമൂലം വേതനം വർദ്ധിച്ചതുകൊണ്ടും ഈ

ശീർഷകത്തിൽ പദ്ധതിയേതര ഇനമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി.ഒ.എല്.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—4 ലക്ഷം രൂപ

88. ഡീസൽ വിലയിലുണ്ടായ വർദ്ധനവും നിലവിലുള്ള വാഹനങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കുന്നതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—3 മറ്റു ചെലവുകള്—മറ്റിനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—5.03 ലക്ഷം രൂപ

89. പുരാവസ്തുവകുപ്പിന്റെ മ്യൂസിയങ്ങളിലേയും ഡയറക്ടറേറ്റിലേയും വിവിധ ചെലവുകൾ വളരെയധികം വർദ്ധിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-104-99—കേരള സ്റ്റേറ്റ് ആർക്കൈവ്സ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—240 ലക്ഷം രൂപ
പദ്ധതിയേതരം—520.29 ലക്ഷം രൂപ

90. തിരുവനന്തപുരത്ത് സ്വാതന്ത്ര്യസമര ചരിത്രമ്യൂസിയവും സ്വാതന്ത്ര്യസമര സ്മാരകവും നിർമ്മിക്കുന്നതു സംബന്ധിച്ച ജോലികൾക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-98—കലയും സംസ്കാരവും പ്രോത്സാഹിപ്പിക്കല്—പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—125 ലക്ഷം രൂപ
പദ്ധതിയേതരം—28.58 ലക്ഷം രൂപ

91. സരസകവി മൂലൂർ സ്മാരകത്തിന് വാർഷിക ഗ്രാന്റ് 75,000 രൂപയിൽനിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി 4.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-87—നിർദ്ധനരായ കലാകാരന്മാര്/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—209 ലക്ഷം രൂപ

92. കലാകാരന്മാർക്കുള്ള പെൻഷൻതുക 750 രൂപയായി വർദ്ധിപ്പിച്ചതിനാലും പുതിയതായി 400 പേർക്ക് പെൻഷൻ നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 75.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-69—പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—2.52 ലക്ഷം രൂപ

93. ഈ ശീർഷകത്തിൽ നിന്നും പുതുതായി ഒരു വ്യക്തിക്കുകൂടി തുക അനുവദിക്കേണ്ടതുള്ളതിനാൽ 24,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-800-73—സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷന്—ധനസഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—490.83 ലക്ഷം രൂപ

94. ജീവനക്കാർക്കുള്ള ഡി.എ. വർദ്ധനവ്, ഡി.എ. കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-41—സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—50 ലക്ഷം രൂപ
പദ്ധതിയേതരം—1000 രൂപ

95. സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സുഗമമായ നടത്തിപ്പിനും ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-97—കേരള സാഹിത്യ അക്കാദമി ധനസഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—220 ലക്ഷം രൂപ
പദ്ധതിയേതരം—96.62 ലക്ഷം രൂപ

96. കേരള സാഹിത്യ അക്കാദമി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ സമഗ്രമായി നടപ്പിലാക്കുന്നതിനും നിലവിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ വിജയകരമായി പൂർത്തിയാക്കുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

97. ശമ്പളവും ആനുകൂല്യങ്ങളും മറ്റു സ്ഥാപന ചെലവുകളും വർദ്ധിച്ചതിനാലും ശമ്പള പരിഷ്കരണംമൂലം അധികബാദ്ധ്യത ഉണ്ടായതിനാലും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിയേതര ഗ്രാന്റ് പര്യാപ്തമാകുകയില്ല എന്ന് വിലയിരുത്തിയ സമിതി 63.38 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2205-00-101-96—ജവഹർ ബാലഭവൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—85 ലക്ഷം രൂപ
പദ്ധതിയേതരം—55 ലക്ഷം രൂപ

98. തിരുവനന്തപുരം ജവഹർ ബാലഭവന്റെ സമ്പൂർണ്ണ വികസനം, കുട്ടികൾക്കായി 200 കിടക്കകളുള്ള ഒരു ഡോർമെട്ടിയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണം, സ്ഥലം റീടെയിംനിംഗ് വാൾ നിർമ്മാണം, ഓപ്പൺ ഓഡിറ്റോറിയം നവീകരണം, നേഴ്സറി സ്കൂൾ നവീകരണം, എ.എസ്.എം. ഹാൾ നവീകരണം എന്നിവയ്ക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99. കേരളത്തിലെ 5 ബാലഭവനുകളിലെ ജീവനക്കാർക്ക് ഇ.പി.എഫ്. ഉൾപ്പെടെയുള്ള ശമ്പളം നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 236 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-40—വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം )

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—60 ലക്ഷം രൂപ
പദ്ധതിയേതരം—1000 രൂപ

100. മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സിന്റെ കെട്ടിടങ്ങളുടെ നവീകരണവും അറ്റകുറ്റപ്പണികളും, കൂത്തമ്പലത്തിലെ രംഗമണ്ഡപത്തിന്റെ മേൽക്കൂരനിർമ്മാണം പൂർത്തിയാക്കല്, പ്രതിവാര പരിപാടികളിൽ പങ്കെടുക്കുന്ന കലാകാരൻമാരുടെ പ്രതിഫലം വർദ്ധിപ്പിക്കുക, സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള മറ്റു സാംസ്കാരിക സ്ഥാപനങ്ങളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിക്കുക, വിദേശികൾക്കായി സാംസ്കാരിക ടൂറിസം, സ്വരരാഗ മഹോത്സവം, അക്ഷരശ്ലോക സദസ്സ്, രബീന്ദ്ര സംഗീതം, ചിലങ്ക നൃത്തോത്സവം എന്നീ പരിപാടികൾ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

101. പദ്ധതിയേതര ഇനത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-97—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—120 ലക്ഷം രൂപ
പദ്ധതിയേതരം—97 ലക്ഷം രൂപ

102. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനംചെയ്യുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം തീർത്തും അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പദ്ധതി ഇനത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

103. ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, ഭരണച്ചെലവുകൾ എന്നിവയ്ക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിയേതര വിഹിതം പര്യാപ്തമല്ലാത്തതിനാൽ 155.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—400 ലക്ഷം രൂപ

104. അഞ്ച് തീയറ്ററുകളുടെയും ചിത്രാഞ്ജലി സ്റ്റുഡിയോയുടെയും നവീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 400 ലക്ഷം രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

105. ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ചിത്രങ്ങൾക്കുള്ള സബ്സിഡിത്തുക കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 201 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-96—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—150 ലക്ഷം രൂപ
പദ്ധതിയേതരം—248.82 ലക്ഷം രൂപ

106. കെട്ടിടനിർമ്മാണം, പുസ്തകനിർമ്മാണം, ലൈബ്രറി ഓട്ടോമേഷൻ, ഭാഷാ കമ്പ്യൂട്ടിംഗ്, ഭാഷാ നവീകരണം, മൺമറഞ്ഞ സാഹിത്യകാരൻമാരുടെ ശതാബ്ദി ആഘോഷങ്ങൾ, വിജ്ഞാനം ഗ്രാമങ്ങളിലേക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 225 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

107. നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും ക്ഷാമബത്ത കുടിശ്ശിക പി.എഫിലേക്ക് ലയിപ്പിക്കുന്നതിനും പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-82—തിരുവനന്തപുരം ഭാരത് ഭവൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—75 ലക്ഷം രൂപ
പദ്ധതിയേതരം—8.77 ലക്ഷം രൂപ

108. അതിഥി ദേവോഭവ, കേരളത്തനിമ, ദേശീയോദ്ഗ്രഥന പരിപാടികള്, അഫിലിയേറ്റഡ് അസോസിയേഷൻ പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം തീർത്തും അപര്യാപ്തമായ തിനാൽ 48.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

109. ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതര വിഹിതത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 18.98 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-97—കേരള കലാമണ്ഡലം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—850 ലക്ഷം രൂപ
പദ്ധതിയേതരം—469.80 ലക്ഷം രൂപ

110. സൗത്ത് ഇൻഡ്യൻ പെർഫോമിംഗ് ആർട്സ് മ്യൂസിയത്തിന്റെ നിർമ്മാണം, ഓഡിറ്റോറിയം, സെമിനാര്-പബ്ലിക്കേഷന്-കോപ്പ് നിർമ്മാണം, ക്വാർട്ടേഴ്സ് നിർമ്മാണം, മറ്റു വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പദ്ധതി ഇനത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 400 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

111. പദ്ധതിയേതര ചെലവുകളിൽ വർദ്ധനവ് വന്നതിനാലും ശമ്പള പരിഷ്കരണ കുടിശ്ശിക നല്കേണ്ടതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 570.95 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-68—വാസ്തു വിദ്യാഗുരുകുലം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—55 ലക്ഷം രൂപ
പദ്ധതിയേതരം—1000 രൂപ

112. 2014-15 സാമ്പത്തികവർഷത്തിൽ വാസ്തുവിദ്യാ ഗുരുകുലം നടത്തുവാനുദ്ദേശിക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-76—ഗുരു ഗോപിനാഥ് നടനഗ്രാമം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—35 ലക്ഷം രൂപ
പദ്ധതിയേതരം—35.05 ലക്ഷം രൂപ.

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

113. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നൃത്ത മ്യൂസിയത്തിന്റെ നിർമ്മാണം, ഇതിനോടനുബന്ധിച്ച് റോഡുവശത്തെ പ്രധാന കവാടം കലാപരമായി മോടി പിടിപ്പിക്കല്, പ്രവേശനകവാടം മുതൽ മ്യൂസിയം വരെ പാതയിൽ ഇൻറർലോക്ക് പാകല്,

ദേശീയ നൃത്ത മ്യൂസിയത്തിന് മുൻഭാഗത്ത് കുളംനിർമ്മിച്ച് അതിന് മദ്ധ്യഭാഗത്തായി ഭരതമുനിയുടെ 20 അടി ഉയരമുള്ള പ്രതിമ സ്ഥാപിക്കല്, റോഡുവശത്തെ പ്രവേശന കവാടനിർമ്മാണം, ഗാർഡനിംഗ് പ്രവർത്തനം, റോഡ് ടാറിംഗ്, ഉദ്ഘാടനം എന്നീ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ ഈ ശീർഷകത്തിൽ 115 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

114. ദേശീയ നൃത്ത മ്യൂസിയം ഉദ്ഘാടനവുമായി ബന്ധപ്പെട്ട സെമിനാറുകളും ശില്പശാലകളും അനുബന്ധ പരിപാടികളും നടത്തേണ്ടതിനാൽ ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിവിഹിതത്തിൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം- ശമ്പളേതരം

115. ജീവനക്കാർക്കും, അദ്ധ്യാപകർക്കും ശമ്പളം നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 18.95 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-85—പൈതൃക പഠനകേന്ദ്രം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—85 ലക്ഷം രൂപ

116. കേരള പൈതൃക പ്രാമാണീകരണ പദ്ധതി, സംഗ്രഹാലയ-ഗവേഷണ ലൈബ്രറിയുടെ രൂപീകരണം, പ്രസിദ്ധീകരണ യൂണിറ്റ്, പുതിയ കോഴ്സുകൾ എന്നിവ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—450 ലക്ഷം രൂപ
പദ്ധതിയേതരം—251.08 ലക്ഷം രൂപ

117. അന്തർദ്ദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേളകള്, അന്തർദ്ദേശീയ ഹ്രസ്വചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹന പരിപാടി, ടെലിവിഷൻ മാധ്യമം, ഫിലിം ലൈബ്രറി നവീകരണം, ടൂറിങ് ടാക്കീസ് പരിപാടി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-90—കേരള സംഗീത നാടക അക്കാഡമി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—368 ലക്ഷം രൂപ
പദ്ധതിയേതരം—86.95 ലക്ഷം രൂപ

118. അക്കാഡമിയുടെ വിവിധ പദ്ധതിപ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

119. 2013-ലെ അവാർഡ്, ഫെലോഷിപ്പ്, ഗുരുപൂജ പുരസ്കാരം എന്നിവ നൽകുന്നതിനും ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-86—മാർഗി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—36 ലക്ഷം രൂപ

120. കഥകളി കലാകാരന്മാർക്ക് വിദഗ്ധപരിശീലനം നൽകുന്നതിനും, ലക്ചർ ഡെമോൺസ്ട്രേഷൻ നടത്തുക, ക്ലാസുകൾ സംഘടിപ്പിക്കുക, സ്കൂൾ വിദ്യാർത്ഥികൾക്ക് കഥകളി, വേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി എന്നീ വിഷയങ്ങളിൽ സൗജന്യമായി ക്ലാസുകൾ നടത്തുക, കോപ്പുകളും മറ്റ് അനുബന്ധസാധനങ്ങളും നിർമ്മിക്കുക തുടങ്ങിയവയ്ക്കും കൂടിയാട്ടത്തിന്റെ പരിപാലനത്തിനും പരിപോഷണത്തിനുംവേണ്ടി സെമിനാറുകളും ക്ലാസുകളും നടത്തുക, കലാകാരന്മാർക്ക് ശമ്പളം നൽകുക, വേഷവിധാനങ്ങള്, കിരീടം, ആടയാഭരണങ്ങള്, വാദ്യോപകരണങ്ങൾ തുടങ്ങിയവ വാങ്ങുക എന്നിവയ്ക്കും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-74—കേരള നാടൻകല അക്കാഡമി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—150 ലക്ഷം രൂപ
പദ്ധതിയേതരം—19.63 ലക്ഷം രൂപ

121. കേരള ഫോക് ലോർ അക്കാഡമിയുടെ ട്രാവൻകൂർ ഫോക് വില്ലേജ്, വാദ്യോപകരണങ്ങളുടെ പഠന ഗവേഷണ കേന്ദ്രം, വാദ്യോപകരണങ്ങളുടേയും ഉപകരണ സംഗീതത്തിന്റേയും മ്യൂസിയം, ഫോക് ലോറിന്റെ പ്രസാരണത്തിനും സംരക്ഷണത്തിനും വൈവിധ്യവൽക്കരണത്തിനും വേണ്ടിയുള്ള നൂതനമായ പദ്ധതികള്, ലോക ഫോക്

ഉത്സവം, പി.കെ. കാളൻ ആർട്ട് ഗാലറി ഒന്നും രണ്ടും നിർമ്മാണം എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി ധനസഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—50 ലക്ഷം രൂപ

122. ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുക, 2 സഞ്ചരിക്കുന്ന പുസ്തകശാലാ വാഹനങ്ങൾ വാങ്ങുക, കേന്ദ്ര ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുക, പി.എഫ്. കുടിശ്ശിക അടയ്ക്കുക, ജീവനക്കാർക്ക് ശമ്പളം നൽകുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-98—സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—140 ലക്ഷം രൂപ
പദ്ധതിയേതരം—195.25 ലക്ഷം രൂപ

123. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണച്ചെലവുകള്, ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങള്, ഓഫീസ് ചെലവുകള്, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-98—പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—125 ലക്ഷം രൂപ
പദ്ധതിയേതരം—28.58 ലക്ഷം രൂപ

124. പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾ നിർമ്മിക്കുവാൻ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-28—പ്രശസ്തരായ സാഹിത്യകാരൻമാരുടെയും സാംസ്കാരികനായകന്മാരുടെയും പേരിലുള്ള സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും ശാക്തീകരണവും

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—100 ലക്ഷം രൂപ

125. പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും നാമധേയത്തിലുള്ള സ്മാരകങ്ങളുടെ ധനസഹായത്തിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

126. കേന്ദ്ര സംസ്ഥാന കലാകാര പെൻഷൻ നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. ഇതിനായി പ്രത്യേക ശീർഷകം അനുവദിച്ച് 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കൊങ്കണി സാഹിത്യ അക്കാദമി

127. കൊങ്കണി ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് ഉതകുന്ന പ്രോത്സാഹനം നൽകുക, മറ്റു ഭാഷകളുമായി കൊങ്കണിയിലെ കൃതികൾ ഭാഷാന്തരീകരണം നടത്തുക, വിജ്ഞാന കോശങ്ങൾ, ഗ്രന്ഥ സൂചികകൾ, സാഹിത്യ ചരിത്രങ്ങൾ തുടങ്ങിയവ തയ്യാറാക്കി പ്രസിദ്ധീകരിക്കുക, വിശിഷ്ട കൃതികൾക്കും വിശിഷ്ട വ്യക്തികൾക്കും സമ്മാനങ്ങളും അംഗീകാരങ്ങളും നൽകുക, സാഹിത്യ സമ്മേളനങ്ങൾ, കളരികൾ തുടങ്ങിയവ നടത്തുക, നാടകോത്സവം, കൊങ്കണി സിനിമാ പ്രദർശനം എന്നിവ സംഘടിപ്പിക്കുക എന്നീ ഉദ്ദേശ്യത്തോടെ 2012 നവംബർ മുതൽ പ്രവർത്തനം ആരംഭിച്ച കൊങ്കണി സാഹിത്യ അക്കാദമിയുടെ പ്രവർത്തനം സമഗ്രമായി നടത്തുവാൻ ബഡ്ജറ്റിൽ 'കൊങ്കണി സാഹിത്യ അക്കാദമി ധനസഹായം' എന്ന പേരിൽ ഒരു ശീർഷകം അനുവദിക്കണമെന്നും അതിൽ പദ്ധതി ഇനത്തിൽ 17.02 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 54.98 ലക്ഷം രൂപയും വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—1 ലക്ഷം രൂപ
പദ്ധതിയേതരം—ഇല്ല

128. കുമാരനാശാൻ നാഷണൽ മ്യൂസിയം ഓഫ് കൾച്ചറൽ ഹെറിറ്റേജ്, വിനോദ സഞ്ചാര സൗകര്യ കേന്ദ്രം, ആശാന്റെ പേരിൽ സ്കൂൾ, ആശാൻ കൃതികളുടെ ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള വിവർത്തനവും പുസ്തക പ്രകാശനവും, ആശാനെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കൽ തുടങ്ങിയ പദ്ധതികൾക്ക് ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

129. സന്ദർശകരെ സ്വീകരിക്കൽ, സാംസ്കാരിക പ്രവർത്തനങ്ങൾ നടപ്പാക്കൽ, വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, സ്ഥാപന സംരക്ഷണം എന്നിവ നടത്തുന്നതിന് ജീവനക്കാർക്ക് മിനിമം വേതന നിയമമനുസരിച്ചുള്ള വേതനം നൽകുവാൻ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-91—കേരള ലളിതകലാ അക്കാഡമി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—300 ലക്ഷം രൂപ
പദ്ധതിയേതരം—135.27 ലക്ഷം രൂപ

130. 2014-15 സാമ്പത്തികവർഷം കേരള ലളിതകലാ അക്കാഡമി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കുവാൻ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിവിഹിതം പര്യാപ്തമല്ലാത്തതിനാൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-63—മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം—50 ലക്ഷം രൂപ

131. മൊയിൻകുട്ടി വൈദ്യർ മാപ്പിളകൾ അക്കാഡമിയുടെ നടപ്പ് സാമ്പത്തികവർഷത്തെ പദ്ധതിയേതര പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-86—മലയാളം മിഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—80 ലക്ഷം രൂപ
പദ്ധതിയേതരം—25 ലക്ഷം രൂപ

132. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാന്,*
വിഷയനിർണ്ണയ സമിതി *VI.*

തിരുവനന്തപുരം,
2014 മാർച്ച് 12.